Draft #1 of File 9876/AD A3/4/2019/ADMIN (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 04-Aug-2019 09:27 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണം -സർക്കാർ സേവനങ്ങളുടെ ഫീസും ചാർജ്ജും 5% വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ വിവിധ ഫീസുകൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 3791/AD A 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.08.2019

---

പരാമർശം:-1) സ.ഉ.(അച്ചടി) നം. 44/2018/ധന തീയതി 17.03.2018

2) 01.02.2019 തീയതിയിലെ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. എ.ഡി.എ.III/2/773/2018/ഭ.വി.

3) 17.07.2019 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം. 206/19.06/190115

**ഉത്തരവ്**

പരാമർശം (1) പ്രകാരം, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ / ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള സേവനങ്ങൾക്കുള്ള നിലവിലെ ഫീസുകൾ /ചാർജ്ജുകൾ എന്നിവയിൽ 01/04/2018 മുതൽ 5% വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർവകലാശാലയിൽ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസുകൾക്കു പുറമെ വർദ്ധനവ് വരുത്താവുന്ന സേവനങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സിൻഡിക്കേറ്റിലേയ്ക്ക് കുറിപ്പ് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 17/07/2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടു.

"സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം. 44/2018/ധന തീയതി 17.03.2018 പ്രകാരം സർവകലാശാല വിദ്യാർത്ഥികളുടെ പരീക്ഷാഫീസും അനുബന്ധ ഫീസും U.O.No.4453/A1/2/2018/Academic, dated 01/06/2018 പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. ഇതിനു പുറമെ കോളേജുകളുടെ അല്ലെങ്കിൽ കോഴ്സുകളുടെ അഫിലിയേഷനുമായി ബന്ധപ്പെട്ട ഫീസുകളും, സർവകലാശാല അതിഥി മന്ദിരത്തിൽ ഈടാക്കി വരുന്ന ഫീസുകളും, വിവിധ വകുപ്പുകളിൽ നടത്തിവരുന്ന പരിശോധനാ ഫീസുകളും ആനുപാതികമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ /എഫ് ഒ /സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ.
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., എം.ജി.യു./എസ്റ്റേറ്റ് ഓഫീസർ
5. എ.ആർ/ഡി.ആർ./ജെ.ആർ (ഭരണം/അക്കാഡമിക്/പരീക്ഷ/ ഫിനാൻസ്
6. എ ഡി.ബി3/എസി.എ1/ഐ.ക്യു.എ.സി.
7. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
8. എഫ്.സി.സി./എ.സി.സി.1/2/ഫിനാൻസ് 1/4/ ഓഡിറ്റ് 1/5
9. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ